**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2190** **20-01-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവിദ്യാഭ്യാസമേഖലയുടെ കാലോചിതമായ പരിഷ്കരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഇ. എസ്. ബിജിമോൾ** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ആരോഗ്യമേഖലയിൽ സമാനതകളില്ലാത്ത ഗുരുതര പ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യവിദ്യാഭ്യാസമേഖല കാലാനുസൃതമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതിലേക്ക് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. അടിക്കടി ഉണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങൾ പോലുള്ള ദുരന്തങ്ങളിൽപ്പെടുന്നവരുടെ ചികിത്സയ്ക്കും കോവിഡ് മഹാമാരി പോലുള്ള സാംക്രമിക രോഗ വ്യാപനം നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ മേഖലയുടെ പ്രാധാന്യം നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. ആരോഗ്യ വിദ്യാഭ്യാസ മേഖലയുടെ കാലോചിതമായ പരിഷ്കരണത്തിന്റെ ഭാഗമായി കേരളത്തിൽ സർക്കാർ മേഖലയിൽ നിലവിലുള്ള മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിപുലീകരണം നടത്തുകയും പുതിയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലുമായി എം.ബി.ബി.എസ്., പി.ജി., നഴ്സിംഗ് വിദ്യാഭ്യാസം, മറ്റ് പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകളിൽ 2300 എം.ബി.ബി.എസ്. സീറ്റും സർക്കാർ മേഖലയിൽ 1555 സീറ്റും ഇപ്പോൾ ലഭ്യമാണ്. നേരത്തേ നിലവിലുണ്ടായിരുന്ന 5 സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പുറമേ ഇടുക്കി, കോന്നി, മഞ്ചേരി എന്നീ മെഡിക്കൽ കോളേജുകൾ സർക്കാർ മേഖലയിൽ പുതിയതായി ആരംഭിച്ചിട്ടുണ്ട്. ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പഠനത്തിനായി മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ 110 എം.ബി.ബി.എസ്. സീറ്റുകളിൽ പ്രവേശനം നടത്തി പഠനം നടന്നുവരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിലും എം.ബി.ബി.എസ്. പ്രവേശനം നടത്തി പഠനം നടന്നുവരുന്നു. കാസർഗോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കോളേജ് സ്ഥാപിക്കുന്നതിനായി ബദിയടുക്കയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും നിർമ്മാണം പൂർത്തിയായ അക്കാഡമിക് ബ്ലോക്കിൽ നിലവിലെ സാഹചര്യം കണക്കിലെടുത്ത് കോവിഡ് ആശുപത്രി പ്രവർത്തിക്കുകയും ചെയ്യുന്നു. പാലക്കാട് ജില്ലയിൽ എസ്.സി/എസ്.റ്റി. വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജ് സ്ഥാപിച്ചുകഴിഞ്ഞു. വയനാട് ജില്ലയിൽ ഒരു സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരുന്നു. കണ്ണൂർ ജില്ലയിലെ പരിയാരത്ത് പ്രവർത്തിച്ചുവന്നിരുന്ന സഹകരണ മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുക്കുകയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. എറണാകുളം ജില്ലയിലെ സഹകരണ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന സഹകരണ മെഡിക്കൽ കോളേജിനെയും സർക്കാർ ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് എന്ന ആവശ്യം ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. മികച്ച വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതോടൊപ്പം ആധുനിക ചികിത്സ ജനങ്ങൾക്ക് നൽകുന്നതിന് ഈ മെഡിക്കൽ കോളേജുകൾക്ക് സാധിക്കുന്നുണ്ട്. തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ നൽകുന്നതിനായി പ്രത്യേക സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ദന്തൽ കോളേജുകളും വികസനത്തിന്റെ പാതയിലാണ്. കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, എറണാകുളം കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സർക്കാർ നഴ്സിംഗ് കോളേജുകളും വികസനത്തിന്റെ പാതയിലാണ്. സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഫാർമസി കോളേജുകളും പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് എസ്.സി/എസ്.റ്റി. വിദ്യാർത്ഥികൾക്കായി പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. |
| (ബി) | രോഗപ്രതിരോധ പ്രവർത്തന രംഗത്ത് ആഗോള മാതൃക സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ള സർക്കാർ ആരോഗ്യമേഖലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ | (ബി) | വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക്ക് ലബോറട്ടറി നെറ്റ് വർക്കിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ റീജിയണൽ ലെവൽ 2 വൈറോളജി ലാബ് പ്രവർത്തിക്കുന്നു. ഈ ലാബിനെ റീജിയണൽ ലെവൽ വൈറൽ ഡയഗ്നോസ്റ്റിക്ക് ലാബാക്കി |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | | മാറ്റുന്നതിനായി ബി.എസ്.എൻ.എൽ. III ലാബ് നിർമ്മിക്കുന്നതിനായി 3.895 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. (നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2 കോടി രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 1.8 കോടി രൂപയും) തൃശ്ശൂർ മെഡിക്കൽ കോളേജിൽ വൈറോളജി ലാബ് പ്രവർത്തന സജ്ജമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ലെവൽ ലാബും പ്രവർത്തിക്കുന്നു. ആലപ്പുഴയിൽ പ്രവർത്തിച്ച് വരുന്ന എൻ.ഐ.വി. യൂണിറ്റിന് നിപ്പ പോലുള്ള വൈറസിനെ കണ്ടുപിടിക്കാനുള്ള സംവിധാനമുണ്ട്. |

സെക്ഷൻ ഓഫീസർ